പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 241

02/03/2020 ൽ മറുപടി നല്കേണ്ടത്.

## കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രി

ചോദ്യം

**ശ്രീ.ജോൺഫെർണാണ്ടസ്**

ഉത്തരം

**കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) കൊച്ചി നിയോജക മണ്ഡലത്തിൽ സാധാരണക്കാരായ ജനങ്ങൾ ചികിത്സക്കായി ആശ്രയിക്കുന്ന കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ 29 ലക്ഷം രൂപ വിനിയോഗിച്ച് നൂതന ഉപകരണങ്ങളോടെ 2019 സെപ്റ്റംബർ മാസത്തിൽ ഉദ്ഘാടനം ചെയ്ത നേത്രശസ്ത്രക്രിയ യൂണിറ്റ് നാളിതുവരെ ഉപയോഗിക്കാതെ കിടക്കുന്നതിന് കാരണം വിശദമാക്കാമോ;<br>(ബി) ലക്ഷക്കണക്കിന് രൂപ മുടക്കി സജ്ജീകരിച്ച പ്രസ്തുത യൂണിറ്റിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ? | (എ) & (ബി) | കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ നൂതന ഉപകരണങ്ങളോടെ 2019 സെപ്റ്റംബർ മാസത്തിൽ ഉദ്ഘാടനം ചെയ്ത നേത്ര ശസ്ത്രക്രിയ യൂണിറ്റ്, ജനറേറ്റർ ഇല്ലാത്തതു കാരണം ഉപയോഗിച്ചിട്ടില്ല. കൊച്ചി നഗരസഭ പ്രോജക്ട് പ്രകാരം ഇതിനായി ഒരു ജനറേറ്റർ അനുവദിച്ചിട്ടുണ്ട്. ജനറേറ്റർ ലഭിക്കുന്ന മുറക്ക് നേത്ര ശസ്ത്രക്രിയ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ